ഭരണഭാഷ മാതൃഭാഷ

ICDS/A6/39213/2021

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
E-mail:directorate.wcd@kerala.gov.in
ഫോൺ നമ്പർ: 0471 2346534
തീയതി: 23/09/2021

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

വിഷയം: വനിതാ ശിശു വികസന വകുപ്പ് - പി.എം.എം.വി.വൈ- ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ സ്റ്റിയറിംഗ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി സംഘടിപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന: 29/12/2020 ലെ സർക്കാർ ഉത്തരവ് ഉത്തരവ് സ.ഉ (സാധാ) നം. 746/2020/സാ.നീ.വ.

SOPHY JACOB

പി.എം.എം.വി.വൈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത് തലങ്ങളിൽ സ്റ്റിയറിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുവാൻ പി എം എം വി വൈ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് അവലോകനം നടത്തുന്നതിനും നിരീക്ഷണം, അഭിപ്രായം നൽകുക എന്നിവയ്ക്കായും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആയതിലൂടെ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുവാനും ടി കമ്മിറ്റിയിലൂടെ ഉദ്ദേശിക്കുന്നു.

സൂചന പ്രകാരം പി എം എം വി വൈ പദ്ധതിക്കായി സംസ്ഥാനതലം, ജില്ലാതലം, ബ്ലോക്ക്തലം, ഗ്രാമതലം എന്നി തലങ്ങളിൽ സ്റ്റിയറിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ടു സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ ജില്ലാതലം, ബ്ലോക്ക്തലം, ഗ്രാമതലം എന്നി തലങ്ങളിൽ പി എം എം വി വൈ സ്റ്റിയറിംഗ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി വർഷത്തിൽ മൂന്ന് പ്രാവശ്യം സംഘടിപ്പിക്കേണ്ടതുണ്ട്. ജില്ലാ തലത്തിൽ ആദ്യം കമ്മിറ്റി സംഘടിപ്പിക്കേണ്ടതും തുടർന്ന് മറ്റു തലങ്ങളിലും കമ്മിറ്റി വിളിച്ചു ചേർക്കേണ്ടതുമാണ്. ജില്ലാ തലത്തിൽ ടി കമ്മിറ്റി സംഘടിപ്പിക്കേണ്ടത് ജില്ലാ പ്രോഗ്രാം ഓഫീസർമാരും ബ്ലോക്ക് തലത്തിൽ ശിശു വികസന പദ്ധതി ഓഫീസർമാരുമാണ്. ആരോഗ്യ ശുചിത്വ കമ്മിറ്റി യോഗങ്ങളിൽ സൂപ്പർവൈസർമാർ പങ്കെടുക്കേണ്ടതും പി എം എം വി വൈ പദ്ധതി സംബന്ധമായ വിവരണം നടത്തേണ്ടതും വാർഡ് തലത്തിൽ ടി പദ്ധതിയുടെ പ്രചാരണം സംബന്ധിച്ച് പഞ്ചായത്ത് അംഗങ്ങൾക്ക് ബോധവത്കരണം നടത്തേണ്ടതുമാണ്.

ജില്ലാ തല കമ്മിറ്റിയിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിനേയും ബ്ലോക്ക് തലത്തിൽ ആരോഗ്യ വകുപ്പിന്റെ ഒരു പ്രതിനിധിയെയും ക്ഷണിക്കപ്പെട്ട മെമ്പറായി ഉൾപ്പെടുത്താവുന്നതാണ്. 2021 ഒക്ടോബർ മാസത്തിൽ തന്നെ ജില്ലാതലത്തിൽ കമ്മിറ്റി സംഘടിപ്പിക്കേണ്ടതും തുടർന്ന് ബ്ലോക്ക് തലത്തിലും ഗ്രാമതലത്തിലും കമ്മിറ്റി സംഘടിപ്പിക്കണം. സ്റ്റിയറിംഗ് ആൻഡ് മോണിറ്ററിങ് കമ്മിറ്റികൾ സംഘടിപ്പിച്ചതിന്റെ റിപ്പോർട്ട് ജില്ലാ പ്രോഗ്രാം ഓഫീസർമാർ ക്രോഡീകരിച്ച് പി എം എം വി വൈ സ്റ്റേറ്റ് സെല്ലിനെ ഏല്പിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. മെമ്പർ സെക്രട്ടറിമാർ സ്റ്റിയറിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് മിനിറ്റ്സ് കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്കുവേണ്ടി

SOPHY JACOB
PEN 457974
Assistant Director
...on and ... Development Department
695 012

ഉള്ളടക്കം: സൂചന സർക്കാർ ഉത്തരവ്

DIRECTORATE OF WOMEN AND CHILD DEVELOPMENT DEPARTMENT
POOJAPPURA-695 012
02 FEB 2021

A6
29/01/2021
ICDS A6

**കേരള സർക്കാർ**

**സംഗ്രഹം** 004101

സാമൂഹ്യനീതി വകുപ്പ് – പ്രധാനമന്ത്രി മാതൃ വന്ദന യോജന (പി എം എം വി വൈ) പദ്ധതിയുടെ നടത്തിപ്പിനായി സ്റ്റിയറിംഗ് ആന്റ് മോണിറ്ററിങ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 746/2020/സാ.നീ.വ** **തീയതി, തിരുവനന്തപുരം, 29/12/2020**

---

പരാമർശം: 1. പ്രധാനമന്ത്രി മാതൃ വന്ദന യോജന (പി എം എം വി വൈ) മാർഗ നിർദ്ദേശം.

2. 12/12/2017, 7/12/2019, 23/10/2020 തീയതികളിലെ വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ ICDS/a6/39213/17 നമ്പർ കത്ത്.

3. 25/11/2020 തീയതിയിലെ വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ ICDS/a6/39213/20 നമ്പർ കത്ത്.

**ഉത്തരവ്**

പ്രധാനമന്ത്രി മാതൃ വന്ദന യോജനയുടെ സുഗമമായ നടത്തിപ്പിനായി വിവിധ തലങ്ങളിൽ സ്റ്റിയറിംഗ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനതല, ജില്ലാതലം, പ്രൊജക്റ്റ് തലം, ഗ്രാമതലം എന്നീ തലങ്ങളിലായി സ്റ്റിയറിംഗ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ടെന്നും, പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് അവലോകനം നടത്തുന്നതിനും നിരീക്ഷണം, അഭിപ്രായം നൽകുക എന്നിവയ്ക്കായും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ടി കമ്മിറ്റികൾ പ്രവർത്തിക്കേണ്ടതാണെന്നും പരാമർശം 2, 3 പ്രകാരം വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പി എം എം വി വൈ മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ചുവടെ പരാമർശിച്ചിട്ടുള്ള പോലെ കമ്മിറ്റികൾ രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി കമ്മിറ്റികൾ തന്നെ നാഷണൽ ന്യൂട്രീഷൻ മിഷന്റെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതാണ്.

പി എം എം വി വൈ സംസ്ഥാനതല സ്റ്റിയറിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി

| | |
|---|---|
| പദ്ധതി നിർവഹണം നടത്തുന്ന വകുപ്പിന്റെ സെക്രട്ടറി | ചെയർപേഴ്സൺ |
| സെക്രട്ടറി, വനിത ശിശു വികസന വകുപ്പ് | മെമ്പർ |
| അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം | മെമ്പർ |
| സെക്രട്ടറി, തദ്ദേശ സ്വയം ഭരണം | മെമ്പർ |
| അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് | മെമ്പർ |
| സെക്രട്ടറി, വിവര സാങ്കേതിക വിദ്യ | മെമ്പർ |
| സെക്രട്ടറി, ജലവിഭവം | മെമ്പർ |
| പിഎംഎംവിവൈ നോഡൽ ഓഫീസർ | മെമ്പർ സെക്രട്ടറി |
| മറ്റുള്ളവർ (ചെയർപേഴ്സൺ നിശ്ചയിക്കുന്നത്) | ക്ഷണിക്കപ്പെട്ട മെമ്പർമാർ |

പി എം എം വി വൈ ജില്ലാതല സ്റ്റിയറിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി

| | |
|---|---|
| ജില്ലാ കളക്ടർ | ചെയർപേഴ്സൺ |
| ജില്ലാ ഹെൽത്ത് ഓഫീസർ (DMO) | മെമ്പർ |
| ബാങ്ക്, പോസ്റ്റോഫീസ് ഉദ്യോഗസ്ഥർ | മെമ്പർ |
| ജില്ലയിലെ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും മെഡിക്കൽ ഓഫീസർമാരും | മെമ്പർമാർ |
| ജില്ലാ പ്രോഗ്രാം ഓഫീസർ | മെമ്പർ സെക്രട്ടറി |
| മറ്റുള്ളവർ (ചെയർപേഴ്സൺ നിശ്ചയാനുസരണം) | ക്ഷണിക്കപ്പെട്ട മെമ്പർമാർ |

പി എം എം വി വൈ ബ്ലോക്ക്തല സ്റ്റിയറിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി

| | |
|---|---|
| സബ് ജില്ലാ മജിസ്ട്രേറ്റ്/ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ | ചെയർപേഴ്സൺ |
| എല്ലാ സൂപ്പർവൈസർമാരും, എ എൻ എം | മെമ്പർ |
| ശിശു വികസന പദ്ധതി ഓഫീസർ/മെഡിക്കൽ ഓഫീസർ | മെമ്പർ സെക്രട്ടറി |

| | |
|---|---|
| മറ്റുള്ളവർ (ചെയർപേഴ്സൺ നിശ്ചയാനുസരണം) | ക്ഷണിക്കപ്പെട്ട മെമ്പർമാർ |

<u>പി എം എം വി വൈ ഗ്രാമതല സ്റ്റിയറിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി</u>

ഗ്രാമീണ ആരോഗ്യ ശുചിത്വ കമ്മിറ്റിയുടെ യോഗങ്ങളിൽ പദ്ധതി വിലയിരുത്തുന്നതായിരിക്കും. ബാങ്ക് മാനേജർ/പോസ്റ്റ് ഓഫീസ് ചാർജ്ജുള്ള ഉദ്യോഗസ്ഥൻ എന്നിവർ കമ്മിറ്റി മെമ്പർമാരായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്.
സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.
സെക്രട്ടറി, വിവര സാങ്കേതിക വകുപ്പ്.
സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
സെക്രട്ടറി, ഗ്രാമവികസന വകുപ്പ്.
ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം. (മറ്റു ബന്ധപ്പെട്ട അംഗങ്ങൾക്ക് പകർപ്പ് നൽകേണ്ടതാണ്)